# സുരഭിലം... സുന്ദരം.. സുമധുരം

## ബംഗളുരുവിൽ നടന്ന മലയാളി എഴുത്തുകാരുടെ സർഗസംഗമം വേറിട്ട അനുഭവമായി (വിഷ്ണുമംഗലം കുമാർ)

കർണാടക തലസ്ഥാനമായ ബംഗളൂരു മലയാളികൾക്ക് പ്രാധാന്യവും പ്രാമുഖ്യവുമുള്ള നഗരമാണ്. ഐ ടിയിലും അനുബന്ധ വിഷയങ്ങളിലും പ്രാഗൽഭ്യം നേടുന്ന മലയാളി യുവത്വം ജോലി ചെയ്യാനും ബിസിനസ്സ് നടത്താനും വളരെയേറെ ഇഷ്ടപ്പെടുന്നത് കോസ്‌മോ പൊളിറ്റൻ സംസ്കാരം നിലനിൽക്കുന്ന ബംഗളൂരുവിലാണ്. പതിനഞ്ചു ലക്ഷത്തിലേറെ മലയാളികൾ വിവിധ മേഖലകളിലായി ഈ മഹാനഗരത്തിലുണ്ട്. അതിൽ പകുതിയോളം സ്ഥിരതാമസക്കാരാണ്. ഐ ടി മേഖലയിൽ ജോലി കണ്ടെത്തുന്ന അഭ്യസ്ഥവിദ്യരായ മലയാളികളുടെ എണ്ണം അനുദിനം വർധിച്ചുവരികയാണ്.

 പ്രസക്തമായ ഒരു കാര്യം ബംഗളൂരു മലയാളികളിൽ നല്ലൊരു പങ്ക് സംഘടിതരാണ് എന്നുള്ളതാണ്. എന്നാൽ ആ സംഘടിക്കൽ മലയാളി എന്ന നിലയിലല്ല. തൊഴിൽ രംഗത്തുമല്ല. ജാതിയുടെയോ മതത്തിന്റെയോ കക്ഷി രാഷ്ട്രീയത്തിന്റെയോ അടിസ്ഥാനത്തിലാണ്. ആധുനിക കേരളത്തിന്റെ പരിഛേദം പോലെയാണത്. അതാകട്ടെ മലയാളികളുടെ ഒത്തൊരുമയല്ല, കൂട്ടം തിരിഞ്ഞുള്ള നിലയുറപ്പിക്കലും അനാരോഗ്യകരമായ മത്സരവുമാണ് പ്രകടമാക്കുന്നത്. അടുത്ത കാലത്തായി ഈ പ്രവണതയ്ക്ക് അസാധാരണമായ വേഗതയും വ്യാപനവുമാണ് കൈവന്നിട്ടുള്ളത്. നഗരത്തിൽ നിന്നിറങ്ങുന്ന മലയാളപത്രങ്ങളുടെ പ്രാദേശിക പേജുകളിൽ വരുന്ന വാർത്തകളും ചിത്രങ്ങളും ശ്രദ്ധിച്ചാൽ മലയാളികളെ സാംസ്കാരികമായി പിറകോട്ട് വലിക്കുന്ന ഈ ദുഷ് പ്രവണതയുടെ ആഴവും പരപ്പും ബോധ്യപ്പെടും. എല്ലാ വിഭാഗങ്ങളിലും പെട്ട മലയാളികളെ ഉൾക്കൊള്ളാൻ കഴിയുന്ന മതേതര ജനാധിപത്യ സംഘടനകൾ ശോഷിച്ചുവരുന്നു. സങ്കുചിത ജാതി മത കക്ഷിരാഷ്ട്രീയ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ രൂപം കൊള്ളുന്ന മലയാളി സംഘടനകൾക്കാണ് ബംഗളൂരുവിൽ സ്വാധീനവും പ്രാധാന്യവും കൈവരുന്നത്.

## കൂട്ടംതെറ്റി മേയുന്ന എഴുത്തുകാർ

നഗരത്തിൽ വളരെ കുറച്ച് മലയാളി എഴുത്തുകാരും സാഹിത്യാസ്വാദകരുമേയുള്ളൂ. അതിൽതന്നെ രണ്ടോ മൂന്നോ പേർ ഒഴിച്ചാൽ മറ്റുള്ളവർ മുഖ്യധാരയുമായി ബന്ധം സ്ഥാപിച്ചത് സോഷ്യൽ മീഡിയ സജീവമായതിന് ശേഷമാണ്. മിക്ക എഴുത്തുകാരും ജാതി മത കക്ഷിരാഷ്ട്രീയ കാഴ്ചപ്പാടിൽ സംഘടിച്ചും അല്ലാതെയും വേർതിരിഞ്ഞുനിൽക്കുകയാണ് എന്നത് ഖേദകരമായ വസ്തുതയാണ്. സാഹിത്യ സദസ്സുകളിൽ പലതിലും ഒരേ ചിന്താഗതിക്കാരായ പത്തോ ഇരുപതോ പേരെ ഉണ്ടാവുകയുള്ളൂ. മറ്റുള്ളവരെ ക്ഷണിക്കുകയില്ല. ക്ഷണിച്ചാലും വിഭാഗീയ ചിന്താഗതിയുമായി കഴിഞ്ഞുകൂടുന്നവർ പങ്കെടുക്കുകയുമില്ല. അച്ചിൽ വാർത്തതുപോലെയുള്ള, പുതിയ ചിന്തകൾ ഉരുത്തിരിയാത്ത ഒരു ഡസനോളം സാഹിത്യ സംഘടനകളുടെ നേതൃത്വം വഹിക്കുന്നതും അവയിൽ അംഗങ്ങളാവുന്നതും ഒരേ തൂവൽപക്ഷികളായ പത്തോ ഇരുപതോ മുഖങ്ങൾ തന്നെയാണ്. എഴുത്തുകാർക്കും സാഹിത്യാസ്വാദകർക്കും ഇടയിലുള്ള ദുഷിച്ച വിഭാഗീയത ചിന്താപരമായ അപചയത്തിന് കാരണമാവുകയും നഗരത്തിലെ മലയാളി സമൂഹത്തിന്റെ സാംസ്കാരിക മുന്നേറ്റത്തെ പരോക്ഷമായും കുറെയൊക്കെ പ്രത്യക്ഷമായും തടസ്സപ്പെടുത്തുകയും ചെയ്യുന്നു. സമൂഹത്തിന് വഴികാട്ടികളാകേണ്ട എഴുത്തുകാരും സാംസ്കാരിക പ്രവർത്തകരും സങ്കുചിത താല്പര്യത്തോടെ പ്രവർത്തിക്കുന്നതും കൂട്ടം തെറ്റി മേയുന്നതും തികച്ചും ദൗർഭാഗ്യകരമാണെന്നത് പറയാതിരിക്കാനാവില്ല.

## ഉദ്യാന നഗരത്തിൽ സർഗസംഗമം

ബംഗളുരുവിലെ മുതിർന്ന സാംസ്കാരികപ്രവർത്തകനാണ് ഹരിപ്പാട് സ്വദേശി എസ് കെ നായർ. എഴുത്തുകാരൻ കൂടിയായ അദ്ദേഹം 1975 മുതൽ ബംഗളുരുവിലുണ്ട്. അതായത് അരനൂറ്റാണ്ടു കാലത്തെ നഗരപരിചയവും അനുഭവസമ്പന്നതയും. ഇന്ത്യൻ ടെലിഫോൺ ഇൻഡസ്ട്രീസ് ( ഐ ടി ഐ) ജീവനക്കാരനായിരുന്ന എസ് കെ നായർ ദൂരവാണിനഗർ കേരളസമാജത്തിൽ അധ്യക്ഷനായും മറ്റുപദവികളിലും ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട്. ബാംഗ്ലൂർ കേരളസമാജത്തിന്റെ പൊതുകാര്യദർശിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ദൂരവാണിനഗർ കേരളസമാജത്തിന്റെ കീഴിൽ ജൂബിലി സ്കൂളും കോളേജും സ്ഥാപിക്കുന്നതിൽ ഗണ്യമായ പങ്ക് വഹിച്ചിട്ടുണ്ട്. ഐ ടി ഐയിൽ നിന്ന് സ്വയം വിരമിച്ച് ഏതാനും വർഷക്കാലം ഗാർഡൻ സിറ്റി

യൂണിവേഴ്സിറ്റിയിൽ ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായി പ്രവർത്തിച്ചിരുന്നു. എഡ്യൂ ടെക് ഫൗണ്ടേഷൻ എന്ന എൻ ജി ഒയുടെ സ്ഥാപകനാണ്. കൂൾ ബാംഗ്ലൂർ ന്യൂസ് എന്ന ഓൺലൈൻ പ്രസിദ്ധീകരണം നടത്തിവരുന്നു.

## സർഗ സംഗമം 2024

കഴിഞ്ഞ വർഷം ശ്രീ എസ്.കെ.നായരുടെ സപ്തതിയോടനുബന്ധിച്ച് സർഗ്ഗസംഗമം എന്ന പേരിൽ എഴുത്തുകാരുടെ കൂട്ടായ്മ സംഘടിപ്പിച്ചിരുന്നു. പല ഗ്രൂപ്പുകളിലും സംഘടനകളിലുമായി വിഘടിച്ചുകിടന്നിരുന്ന അറുപതോളം എഴുത്തുകാർ സർഗ്ഗസംഗമത്തിൽ പങ്കെടുത്തു. സങ്കുചിത താല്പര്യം ഒഴിവാക്കി മഹത്തായ മാനവികത ഉയർത്തിപിടിക്കാനാണ് എസ് കെ നായർ ശ്രമിച്ചത്. രാഷ്ട്രീയ വീക്ഷണത്തിൽ തന്നെ ശത്രു പക്ഷക്കാരനായി കരുതുന്ന പലരേയും വിശാല മനസ്കതയോടെ അദ്ദേഹം ആ ചടങ്ങിന് ക്ഷണിച്ചിരുന്നു. പലരും പങ്കെടുക്കുകയും ചെയ്തു. ഒരു വ്യക്തിയുടെ സപ്തതിയാഘോഷം എന്നതിൽ നിന്ന് വ്യത്യസ്തമായി, അർഹതപ്പെട്ട എല്ലാവർക്കും അംഗീകാരവും പ്രാധാന്യവും ലഭിച്ച ഒരു വേറിട്ട ചടങ്ങായി സർഗ്ഗസംഗമം മാറി. എസ് കെ നായർ ഉദ്ദേശിച്ചതും അതായിരുന്നു. ഏഴുപേരുടെ ഏഴു പുസ്തകങ്ങൾ ചടങ്ങിൽ പ്രകാശനം ചെയ്തു. സങ്കുചിത മനോഭാവവും വിഭാഗീയതയും മാറ്റിവെച്ച് എഴുത്തുകാർ ഒറ്റമനസ്സോടെ ഒത്തുചേർന്ന് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയാണ് സർഗ്ഗസംഗമം മുന്നോട്ടുവെച്ചത്.

## സർഗ സംഗമം 2025 - സർഗസംഗമം രണ്ടാമധ്യായം

ആ സൗഹാർദ്ദ ചിന്താഗതി ക്രമേണ ശക്തിയാർജ്ജിച്ചു. സർഗ്ഗസംഗമത്തിന്റെ രണ്ടാമധ്യായം കൂടുതൽ മനോഹാരിതയോടെ ഇക്കഴിഞ്ഞ 2025 നവംബർ 16ന് നടന്നു. ഈസ്റ്റ് കൾച്ചറൽ അസോസിയേഷന്റെ ( ഇസിഎ) ആഭിമുഖ്യത്തിലാണ് സംഗമം സംഘടിപ്പിച്ചത്. രണ്ടാമധ്യായത്തിൽ ഇരുന്നൂറോളം എഴുത്തുകാരും സാംസ്കാരിക പ്രവർത്തകരും പങ്കെടുത്തു. പ്രശസ്ത എഴുത്തുകാരും പ്രഭാഷകരുമായ ആലങ്കോട് ലീലാകൃഷ്ണൻ, ഡോക്ടർ സോമൻ കടലൂർ, സുധാകരൻ രാമന്തളി, സുരേഷ് മണ്ണാറശാല എന്നിവരോടൊപ്പം ബാലാമണിയമ്മയുടെ പൗത്രിയും പ്രശസ്ത ചിത്രകാരിയുമായ അനുരാധ നാലപ്പാടും അതിഥികളായിരുന്നു. അറിയപ്പെടുന്നവരും അല്ലാത്തവരുമായ 125 എഴുത്തുകാരുടെ രചനകൾ ഉൾപ്പെടുന്ന

സുരഭിലം എന്ന സമാഹാരം അനുരാധ നാലപ്പാടിന് നൽകി ആലങ്കോട് ലീലാകൃഷ്ണൻ പ്രകാശനം ചെയ്തു. പ്രഭാഷകനും എഴുത്തുകാരനുമായ കെ ആർ കിഷോർ സുരഭിലം സദസ്സിന് പരിചയപ്പെടുത്തി.

**സദസ്സിൽ നിന്നും നൂറിലേറെ എഴുത്തുകാരെ വേദിയിലേക്ക് ക്ഷണിച്ച് പരിചയപ്പെടുത്തിയത് പുതുമയുള്ളതും ആവേശദായകവുമായിരുന്നു.**

അങ്ങനെ ചെയ്തതിൽ ആലങ്കോട് ലീലാകൃഷ്ണൻ സംഘാടകരെ പ്രശംസിച്ചു. സദസ്സിനെ ആദരിക്കുന്ന ശീലമൊന്നും കേരളത്തിലില്ലെന്ന് പ്രസംഗത്തിൽ അദ്ദേഹം ചൂണ്ടിക്കാട്ടി. സുരഭിലത്തിലെ സ്ത്രീ എഴുത്തുകാരുടെ ചില കവിതകൾ പരാമർശിച്ചുകൊണ്ട് ഡോക്ടർ സോമൻ കടലൂർ നടത്തിയ പ്രസംഗവും ശ്രദ്ധേയമായി. മാനവികതയുടെ സാഹിത്യത്തെ കുറിച്ചായിരുന്നു ആലങ്കോടിന്റെ പ്രഭാഷണം. മലയാള കവിതയുടെ സഞ്ചാരപഥം സോമൻ കടലൂർ ചുരുക്കി വിവരിച്ചു. സുരേഷ് മണ്ണാറശാല, അനുരാധ നാലപ്പാട് എന്നിവരും സംസാരിച്ചു. ഇ സി എ പ്രസിഡന്റ് വേണു രവീന്ദ്രന്റെ അധ്യക്ഷതയിൽ നടന്ന സർഗ്ഗ സംഗമത്തിന്റെ ഉദ്ഘാടനം വിവർത്തനസാഹിത്യത്തിന് ദേശീയ പുരസ്കാരം നേടിയിട്ടുള്ള സുധാകരൻ രാമന്തളിയാണ് നിർവ്വഹിച്ചത്. ഇസിഎ സെക്രട്ടറി ജയരാജ് മേനോൻ, സാഹിത്യവേദി ചെയർമാൻ സഞ്ജയ് അലക്സ് എന്നിവരും വേദിയിലുണ്ടായിരുന്നു.

**സ്ത്രീ എഴുത്തുകാരുടെ സജീവ പങ്കാളിത്തം**

സ്ത്രീ എഴുത്തുകാരുടെ വൻ പ്രാതിനിധ്യമാണ് സർഗ്ഗസംഗമത്തിന്റെ രണ്ടാമധ്യായത്തിൽ കണ്ടത്. പ്രോഗ്രാം കോർഡിനേറ്റർ ഡോക്ടർ സുഷമ ശങ്കർ വേദിയിലുണ്ടായിരുന്നു. കൊല്ലം കണ്ണനല്ലൂർ സ്വദേശിനിയായ സുഷമ ശങ്കർ മലയാളം, കന്നഡ, ഇംഗ്ലീഷ് ഭാഷകളിൽ സാഹിത്യരചന നടത്തുന്ന എഴുത്തുകാരിയാണ്. നഗരത്തിലെ ഐ ടി മേഖലയായ വൈറ്റ് ഫീൽഡിൽ ശ്രീ സരസ്വതി എഡ്യൂക്കേഷൻ ട്രസ്റ്റ് എന്ന വിദ്യാഭ്യാസ സ്ഥാപനം നടത്തിവരുന്നു. വിമുക്തഭടനും റൈറ്റേഴ്സ് ഫോറം പ്രവർത്തകനും എഴുത്തുകാരനുമായ തങ്കച്ചൻ പന്തളം ആണ് ചടങ്ങ് നിയന്ത്രിച്ചത്. എഴുത്തുകാരിയും റൈറ്റേഴ്സ് ഫോറം പ്രവർത്തകയുമായ അർച്ചന സുനിൽ, മലയാളം മിഷൻ കോർഡിനേറ്ററും ചലച്ചിത്ര സഹസംവിധായകയുമായ മീരാ നാരായണൻ, മാധ്യമപ്രവർത്തകയും എഴുത്തുകാരിയുമായ ഹസീന ഷിയാസ് എന്നിവർ സർഗസംഗമം ഭംഗിയായി നടത്തുന്നതിന് തങ്കച്ചനെ

സഹായിച്ചു. രവികുമാർ തിരുമല, മനോജ് പിഷാരടി തുടങ്ങിയവരുടെ നിസ്വാർത്ഥ സേവനവും എടുത്തുപറയേണ്ടതുണ്ട്.

കെ. കവിത, ഇന്ദിരാ ബാലൻ, ബ്രിജി, രമ പ്രസന്ന പിഷാരടി തുടങ്ങിയ മുതിർന്ന എഴുത്തുകാരികളോടൊപ്പം എഴുതിത്തുടങ്ങുന്ന വീട്ടമ്മമാരും ഉദ്യോഗസ്ഥകളും ഉൾപ്പെടെ അറുപതിൽ പരം സ്ത്രീ എഴുത്തുകാർ സദസ്സിലുണ്ടായിരുന്നു. സുരഭിലത്തിൽ പ്രസിദ്ധീകരിച്ച രചനകളിൽ പകുതിയിലേറെയും സ്ത്രീ എഴുത്തുകാരികളുടേതാണ്. അതിൽ കഥ, കവിത, ലേഖനം എന്നിവ കൂടാതെ അനുഭവക്കുറിപ്പുകളുമുണ്ട്. സ്ത്രീ എഴുത്തുകാരികളുടെ സജീവ പങ്കാളിത്തം സർഗ്ഗസംഗമം രണ്ടാമധ്യായത്തിന് അപൂർവ്വ ചാരുത പകർന്നേകി. ബംഗളുരു പോലൊരു മറുനാടൻ നഗരത്തിൽ ഇത്രയേറെ മലയാളികളായ സ്ത്രീ എഴുത്തുകാരോ എന്ന് പലരും സംശയിച്ചുപോയിട്ടുണ്ട്. എഴുത്തുകാരികളിൽ ഉന്നത വിദ്യാഭ്യാസം നേടിയവരോടും ഉയർന്ന ഉദ്യോഗം വഹിക്കുന്നവരോടും ഒപ്പം സാധാരണ വീട്ടമ്മമാരും ഉണ്ടായിരുന്നു. അവരിൽ പലരും ഒത്തുചേർന്നതും പരസ്പരം പരിചയപ്പെടുന്നതും ആദ്യമായായിരുന്നു. സുരഭിലത്തിന്റെ ഇതളുകളിൽ അവർ ഒന്നായിത്തീരുകയായിരുന്നു. ആശംസ നേരാൻ മുൻ കർണാടക ഡിജിപിയും പ്രശസ്ത ചിത്രകാരിയുമായ ജിജ മാധവൻ ഹരിസിങ്ങും എത്തിയിരുന്നു. മറ്റൊരു മുൻ ഡിജിപി എ. ആർ. ഇൻഫെന്റ്,  പി. ഗോപകുമാർ -ഐ ആർ എസ് തുടങ്ങിയ നിരവധി പ്രമുഖർ ആശംസകൾ നേർന്നു.

പുതിയ എഴുത്തുകാരെ  സംബന്ധിച്ചിടത്തോളം സർഗ്ഗസംഗമം ഒരസുലഭ അനുഭവവും സുരഭിലം അമൂല്യനിധിയുമാണ്. കൊല്ലം ചാത്തന്നൂരിലെ സുജിലി പബ്ലിക്കേഷൻസ് ആണ് നല്ല ഗുണനിലവാരത്തിൽ സുരഭിലം പ്രസിദ്ധീകരിച്ചത്. സുജിലി പബ്ലിക്കേഷൻസിന്റെ ഉടമയും പച്ചമലയാളം മാസികയുടെ ചീഫ് എഡിറ്ററുമായ സജി. എസ് അതിഥിയായി പങ്കെടുക്കേണ്ടതായിരുന്നു. അവിചാരിത കാരണങ്ങളാൽ അദ്ദേഹത്തിന് എത്തിച്ചേരാൻ സാധിച്ചിരുന്നില്ല.

## പുതിയ പദ്ധതികൾ

ബാംഗ്ലൂരിലെ പ്രശസ്ത എഴുത്തുകാരനും സാംസ്കാരിക പ്രവർത്തകനും കേരളശബ്ദം ലേഖകനുമായ വിഷ്ണുമംഗലം കുമാർ ചെയർമാനും എസ്. കെ നായർ കൺവീനറും ഡോക്ടർ സുഷമ ശങ്കർ കോർഡിനേറ്ററുമായ ഇരുപത് അംഗ കമ്മിറ്റിയാണ് സർഗ്ഗസംഗമം

നടത്തിപ്പിന്റെ മേൽനോട്ടം വഹിച്ചത്. എഴുത്തുകാരുടെയും അക്ഷരപ്രേമികളുടെയും സജീവ പങ്കാളിത്തം ചടങ്ങിന് അപൂർവ്വ ചാരുത പകർന്നേകി. മലയാളി എഴുത്തുകാർ ഒറ്റമനസ്സായി ഇത്തരത്തിൽ ഒത്തുചേരുന്നത് ബംഗളുരുവിൽ ആദ്യമായാണ്.എസ്. കെ നായർ എന്ന നിസ്വാർത്ഥ സാമൂഹ്യ പ്രവർത്തകന്റെ ക്ഷമാപൂർവ്വവും നിരന്തരവുമായ പ്രയത്നമാണ് സർഗ്ഗസംഗമവും സുരഭിലവും വൻ വിജയമാക്കിത്തീർത്തത്.

**അടുത്ത സർഗ്ഗസംഗമത്തിന് ബാംഗ്ലൂർ കേരളസമാജം സൗകര്യം ഒരുക്കുമെന്ന് ജനറൽ സെക്രട്ടറി റെജികുമാറും പ്രസിഡന്റ് എം. ഹനീഫയും വേദിയിൽ പ്രഖ്യാപിച്ചത് എഴുത്തുകാർക്ക് ആവേശം പകർന്നു.**

വേർതിരിഞ്ഞു കിടന്നിരുന്ന എഴുത്തുകാർ ഒറ്റചരടിൽ കോർത്തപോലെ ഒന്നായിത്തീരുന്ന പുത്തനനുഭവമാണ് സർഗ്ഗസംഗമത്തിൽ ദൃശ്യമായത്. ചെന്നൈ, മുംബൈ, ഡൽഹി, ഹൈദരാബാദ്, കൊൽക്കത്ത എന്നീ നഗരങ്ങളിലെ മലയാളി എഴുത്തുകാരെ കൂടി ഉൾപ്പെടുത്തി സർഗ്ഗസംഗമം വികസിപ്പിക്കുമെന്ന് എസ്. കെ. നായർ പറഞ്ഞു. താല്പര്യമുള്ളവർ മുന്നോട്ടുവന്നാൽ ആ നഗരങ്ങളിലും സർഗ്ഗസംഗമം സംഘടിപ്പിക്കാനാകുമെന്നും കൂടുതൽ എഴുത്തുകാരുടെ രചനകൾ ഉൾക്കൊള്ളിച്ച് എല്ലാ വർഷവും സുരഭിലം പ്രസിദ്ധീകരിക്കാൻ ഉദ്ദേശ്യമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഏറെ പ്രകീർത്തിക്കപ്പെടുന്ന മാതൃകാപരമായ ഒരു സദുദ്യമത്തിനാണ് എസ്. കെ. നായരും അദ്ദേഹത്തെപോലെ സ്വാർത്ഥചിന്തയില്ലാതെ പ്രവർത്തിക്കുന്നവരും വിത്തുപാകിയിട്ടുള്ളത്.